LIBRARY ARCHIVES Kerala Legislative Assembly

ജയിലുകളിലെ ഭക്ഷണ വിതരണം

258 (3770) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ ഭക്ഷണ വിതരണം പ്രതിസന്ധിയിലാണെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട കരാറുകാർക്ക് കുടിശ്ശിക തുക നൽകാനുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജയിലുകളിലെ ഭക്ഷണ വിതരണത്തിൽ പ്രതിസന്ധിയുണ്ടായിട്ടില്ല. എന്നാൽ ചില മാധ്യമങ്ങളിൽ പ്രതിസന്ധിയുണ്ടായതായി തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട കരാറുകാർക്ക് കുടിശ്ശിക തുക നൽകാനില്ല.

വനമേഖലയിൽനിന്ന് മരം മുറിച്ച് കടത്തിയ കേസുകൾ

259 (3771) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ച് കടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വനം സംബന്ധമായ എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്;

(സി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പേർ പ്രതികളായിട്ടുണ്ട് ; അതിൽ എത്രപേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ചുകടത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം സെൻട്രൽ സർക്കിൾ, തൃശ്ശൂർ-329 എണ്ണവും ഈസ്റ്റേൺ